


# റഫ്ലർ ഫൂട്ട്

**ഈ പാഠത്തിൽ... ഉഷാ ജനോമി റഫ്ലർ ഫൂട്ട് കൊണ്ട് വളരെ എളുപ്പത്തിൽ വിവിധ തരം. ഞൊറിവുകൾ അഥവാ ചുളിവുകൾ എങ്ങനെ സൃഷ്ടിക്കാം എന്ന് പഠിക്കും.**








നിങ്ങളുടെ വസ്ത്രങ്ങൾക്ക കമനീയമായ രൂപഭംഗി നൽകുവാനോ അല്ലെങ്കിൽനിങ്ങളുടെ ഗൃഹത്തിലെ... അലങ്കാര സാമഗ്രികൾക്ക് ഒരു ട്രൈസ്റ്റ്റ്റണ സ്പർശം നൽകാനോ ഉള്ള ഏറ്റവും ലളിതമായ മാർഗമാണീ ഫൂട്ട്..

ഈ പാഠത്തിനായി നിങ്ങൾക്ക് ആവശ്യമുള്ളത്... ഉഷാ ജനോമി റഫ്ലർ ഫൂട്ട്... ഫൈവ് ബൈ ഫിഫ്റ്റീൻ ഇഞ്ചിന്റെ നാല് ഫാബ്രിക്ക് സ്ട്രിപ്... ഇത് പല നിറത്തിലുള്ളതാവാം... ഒരു കത്രിക...

ഇതാണ് റഫ്ലർ ഫൂട്ട്... ഇത് വല്ലതും സങ്കീർണ്ണമായതുമായി തോന്നാം... പക്ഷേ, ഇത് ഉപയോഗിക്കുവാൻ എളുപ്പമാണ്... അതിനാൽ പേടിക്കണ്ട... ഈ കാണുന്നത് റാച്ചറ്റ് ഗീയർ ഫീഡ് പ്ലേറ്റാണ്...

ഇവിടെ അക്കങ്ങളോടു കൂടി കാണുന്ന ദ്വാരങ്ങൾ... ഞൊറികൾ എത്ര ദൂരെ വേണം അല്ലെങ്കിൽ എത്ര അടുത്ത് വേണം... എന്ന് നിയന്ത്രിക്കാൻ സഹായിക്കുന്നു... ഒന്ന് എന്ന് അടയാളപ്പെടുത്തിയ ദ്വാരം അർത്ഥമാക്കുന്നത്... ഓരോ സ്റ്റിച്ചിനു ശേഷവും ഒരു ഞൊറിവ് ഉണ്ടായിരിക്കും എന്നാണ്... ആറ് എന്ന് എന്ന് അടയാളപ്പെടുത്തിയ ദ്വാരം അർത്ഥമാക്കുന്നത്... ഓരോ ആറ് സ്റ്റിച്ചിനു ശേഷവും ഒരു ഞൊറിവ് ഉണ്ടായിരിക്കും എന്നാണ്... പന്ത്രണ്ട് എന്ന് അടയാളപ്പെടുത്തിയ ദ്വാരം അർത്ഥമാക്കുന്നത്... ഓരോ പന്ത്രണ്ട് സ്റ്റിച്ചിനു ശേഷം ഒരു ഞൊറിവും എന്നാണ്... ഏറ്റവും ഇടതു ഭാഗത്തായുള്ള സ്റ്റാർ മാർക്കോടു കൂടിയ ദ്വാരം... സ്ട്രെയിറ്റ് സ്റ്റിച്ചിനു വേണ്ടിയാണ്... ഇടയ്ക്കിടെ മാത്രം ഞൊറിവുകൾ ഇടാനാണ് ഇത് ഉപയോഗിക്കുന്നത്...



ഈ കാണുന്ന കറുത്ത സ്ക്രൂവാണ് റഫ്ലിംഗ് ഡെപ്ത് സ്ക്രൂ... ഇത് നിങ്ങളുടെ... ഞൊറിവുകളുടെ ഡെപ്ത് ക്രമീകരിക്കുവാനായി ഉള്ളതാണ്... ഒന്ന് തീരെ ചെറിയ ഞൊറിവുകൾക്കുള്ളതാണ്... നാലും ആറും എട്ടും... കൂടുതൽ ഡീപ്പായുള്ള ഞൊറിവുകൾ തരും...

സാധാരണ പ്രസ്സർ ഫൂട്ട് മാറ്റി... റഫ്ലർ ഫൂട്ട് ഇടുക... കറുത്ത പ്ലാസ്റ്റിക്ക് ആം വീഡിയോയിൽ കാണുന്ന പോലെ നീഡിൽ സ്ക്രൂവിന്റെ... മുകളിലൂടെ ഇടണം... ആദ്യത്തെ ദ്വാരം ഉപയോഗിച്ച് ഓരോ സ്റ്റിച്ചിനും ഓരോ ഞൊറിവ് വീതമിട്ട് നമുക്ക് തുടങ്ങാം... മെഷീൻ സെറ്റ് ചെയ്തിട്ട്... ത്രെഡ് ടെൻഷൻ ഡയൽ നാലിൽ ഇടുക... ഏ തിരഞ്ഞെടുക്കുക... പാറ്റേൺ സിലെക്റ്റർ ഡയലിൽ സ്ട്രെയിറ്റ് സ്റ്റിച്ചുകൾക്കുള്ളതാണ് ഇത്... സ്റ്റിച്ചിന്റെ നീളം രണ്ടരയാക്കുക...










ആദ്യത്തെ സ്ട്രിപ്പ് തുണി റഫ്ലർ ഫൂട്ടിന്റെ സ്ലിറ്റിൽ ഇതു പോലെ ഇട്ടിട്ട്... തയ്ച്ച് തുടങ്ങുക... അടുത്തതായി നമുക്ക് ആറു സ്റ്റിച്ചുകളുടെ സ്ലോട്ട് നോക്കാം... റാച്ചറ്റ് ഗീയർ ഫീഡ് പ്ലേറ്റ് നീക്കുക... നിങ്ങളുടെ പക്കലുള്ള അടുത്ത സ്ട്രിപ്പ് തുണി റഫ്ലർ ഫൂട്ടിന്റെ സ്ലിറ്റിൽ ഇടുക... ഓരോ ആറു സ്റ്റിച്ചിനു ശേഷവും ഞൊറിവ് ഇടാനായി തയ്ച്ചു തുടങ്ങുക... ഇനി സ്ലോട്ട് നമ്പർ പന്ത്രണ്ടിലേയ്ക്ക് നീക്കുക... മൂന്നാമത്തെ പീസ് തുണി ഇട്ട് തയ്ച്ചു തുടങ്ങുക...



ഇനി അവയെ അടുത്ത് അടുത്തായി നിരത്തിയിടുക... ഒന്നാമത്തെ സ്ലോട്ടിൽ ഇട്ട് തയ്ച്ച തുണിയിൽ ഞൊറിവുകൾ അടുത്ത് അടുത്തായി ഉള്ളത് നിങ്ങൾക്ക് കാണാൻ കഴിയും... ആറു സ്റ്റിച്ചിന്റെ സ്ലോട്ടിൽ ഇട്ട് തയ്ച്ചതിൽ ഞൊറിവുകൾ ആറ് സ്റ്റിച്ചുകളുടെ അകലത്തിലാണ്... പന്ത്രണ്ട് സ്റ്റിച്ചിന്റെ സ്ലോട്ടിൽ ഇട്ട് തയ്ച്ച തുണിയിൽ ഞൊറിവുകൾ വീണത് പന്ത്രണ്ട് സ്റ്റിച്ചുകളുടെ അകലത്തിലാണ്...






ഇനി തുണികളിലെ ഞൊറിവുകളിൽ ഡെപ്ത് സ്ക്രൂവിന്റെ പ്രഭാവം നോക്കാം... ഇതിനായി നമുക്ക് ഒരു സ്ട്രിപ് തുണി വേണ്ടി വരും... മെഷീൻ സെറ്റ് ചെയ്യുക...

റാച്ചറ്റ് ഗിയർ ഓരോ സ്റ്റിച്ചിനു ശേഷവും ഞൊറിവ് ഇടാനായി സ്ലോട്ട് നമ്പർ ഒന്നിൽ ഇടുക... റഫ്ലിംഗ് ഡെപ്ത് സ്ക്രൂ എട്ടിൽ ഇടുക... ഈ സെറ്റിംഗിൽ നിങ്ങൾക്ക് ഞൊറിവുകൾ അഞ്ച് ഇഞ്ച് നീളത്തിൽ കിട്ടുന്നതു വരെ തുണി വച്ച് തയ്ക്കുക... അടുത്തതായി റഫ്ലിംഗ് ഡെപ്ത് സ്ക്രൂ തിരിച്ച് ആറിലേയ്ക്ക് മാറ്റി ഇടുക... പ്രെസ്സർ ഫൂട്ട് ഉയർത്തി നിങ്ങൾ ഇപ്പോൾ ഇട്ട ഞൊറിവുകൾക്ക് ശേഷം മൂന്നോ നാലോ ഇഞ്ച് തുണി നീക്കിയിടുക... ഈ ഡെപ്ത്തിൽ ഞൊറിവുകൾ അഞ്ച് ഇഞ്ച് നീളത്തിൽ കിട്ടുന്നതു വരെ തയ്ക്കുക...



ഇനി ഡെപ്ത് നാലിൽ ഇടുക... നിങ്ങൾ അടുത്ത അഞ്ച് ഇഞ്ച് ഞൊറിവുകൾ തയ്ക്കുന്നതിനു മുമ്പായി കുറച്ച് തുണി നീക്കിയിടുന്ന പ്രക്രിയ ആവർത്തിക്കുക... അവസാനത്തെ സ്റ്റെപ്പിനായി ഡെപ്ത് കുറച്ച് ഒന്നിൽ ഇട്ട് തയ്ക്കുക... ഇനി മെഷീനിൽ നിന്നും തുണി മാറ്റി വിരിച്ച് ഇടുക... റഫിൾ ഡെപ്ത് സ്ക്രൂവിന്റെ പ്രഭാവം നോക്കൂ... നമ്പർ വൺ കൊണ്ടുള്ള ഞൊറിവുകൾ... വളരെ കുറച്ച് മാത്രമേ വലിഞ്ഞിട്ടുള്ളൂ... എന്നാൽ നമ്പർ എട്ട് കൊണ്ടുള്ള ഞൊറിവുകൾ... ധാരാളം തുണി എടുത്തിട്ടുണ്ട്... നിങ്ങൾ പരിശീലിക്കുന്തോറും വിവിധ തരം പ്രോജെക്ട്ടുകൾക്ക് എത്രത്തോളം തുണി വേണ്ടി വരും എന്നും നിങ്ങൾക്ക് പഠിക്കാൻ കഴിയും...





നിങ്ങൾ വിവിധ തരം ഡെപ്ത്തിന്റെ പ്രഭാവം കണ്ടു കഴിഞ്ഞു... നമുക്ക് മറ്റൊരു രസകരമായ കാര്യം നോക്കാം... ഇത് നമുക്ക് ഒരുപാട് കാര്യങ്ങൾക്ക് ഉപയോഗിക്കാം... ഒരേ സമയം ഞൊറിവുകൾ ഇടാനും തുണി ചേർക്കാനും... ഇത് വളരെ ഉപയോഗമുള്ളതാണ്... രണ്ട് വട്ടം തയ്ക്കുന്നതിന്റേയും ചേർത്ത് വയ്ക്കുന്നതിന്റേയും ബുദ്ധിമുട്ട് ഇത് നിങ്ങൾക്ക് ഒഴിവാക്കുന്നു...



ഇതിനായി നിങ്ങൾക്ക് സിക്സ് ബൈ എയിറ്റ് ഇഞ്ചിന്റെ ഒരു പീസ് തുണി വേണം... ബേസ് ഫാബ്രിക്കിനേക്കാൾ കുറച്ചു കൂടി നീളമുള്ള മറ്റൊരു തുണിയും വേണം... ഇത് നിങ്ങൾക്ക് ഞൊറിവുകൾ ഇടാനാണ്... റഫിൾ റാച്ചറ്റ് ഗിയർ ആറിൽ സെറ്റ് ചെയ്യുക... ഡെപ്ത് കൂട്ടി എട്ടിൽ ഇടുക... സ്റ്റിച്ചും ഡെപ്ത്തും നിങ്ങളുടെ ഇഷ്ടാനുസരണം തിരഞ്ഞെടുക്കാം... സിക്സ് ബൈ എയിറ്റിന്റെ തുണി പ്രസ്സർ ഫൂട്ടിന്റെ താഴെ ഇടുക... ഇനി വീഡിയോയിൽ കാണിക്കുന്നതു പോലെ ഞൊറിവുകളിട്ട് ചേർത്ത് തയ്ക്കാനുള്ള തുണി റഫിൾ ഫൂട്ട് സ്ലിറ്റിലേയ്ക്ക് ഇടുക... രണ്ട് തുണികളും യഥാസ്ഥാനത്തായതിനു ശേഷം തയ്ച്ചു തുടങ്ങുക... ഞൊറിവുകൾ ഒരേ പോലെ വീഴുകയും അതേ സമയം... രണ്ട് തുണികളിലുമായി തയ്യൽ വീഴുന്നതും കാണുക... അധികമായുള്ള നൂലും തുണിയും മുറിച്ച് മാറ്റുക...



അത് കാഴ്ചയ്ക്ക് ഇതു പോലുണ്ടാകണം... തുണി ഞൊറിവുകളുമായി ഓരോ ആറ് സ്റ്റിച്ചിനു ശേഷവും തുന്നിച്ചേർത്തിരിക്കുന്നു...

ഞൊറിവുകൾ കലാപരമായി എവിടെ വേണമെങ്കിലും എങ്ങനെ വേണമെങ്കിലും ഉപയോഗിക്കാം... ഞൊറിവുകളും മടക്കുകളും ഉപയോഗിച്ച് നിങ്ങളുടെ വസ്ത്രങ്ങളും മറ്റും അലങ്കരിക്കൂ... ഇത് അലങ്കാരവും ആഡംബരവും സ്റ്റൈലുമേകുന്നു... എവിടെ ആയാലും... ഡെപ്ത്തും ടക്ക് ലെങ്ത്തും കൊണ്ട് പരീക്ഷണങ്ങൾ നടത്തി മനോഹരങ്ങളായ ഡിസൈനുകൾ സൃഷ്ടിച്ച് നോക്കൂ... ഈ ഹെയർ ബാൻഡു പോലെ... ഇവിടെയാണ് നമ്മൾ ഞൊറിവുകൾ തുന്നിച്ചേർത്തത്...



പരീക്ഷണങ്ങളും പരിശീലനവും തുടരൂ... നിങ്ങൾ ആഗ്രഹിക്കുന്നതെന്തും എങ്ങനെ മാറ്റം വരുത്താമെന്നത് കാണുക...